CENTRE FOR CONTINUING EDUCATION KERALA

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള

# പൗരാവകാശരേഖ

**സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള**
ആനത്തറ ലെയിൻ, ചാരാച്ചിറ, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003
ഫോൺ / ഫാക്സ് : 04712313065, 2311654

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള

# പൗരാവകാശരേഖ


സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള

ആനത്തറ ലെയിൻ, ചാരാച്ചിറ, കവടിയാർ. പി. ഒ

തിരുവനന്തപുരം 695003

ഫോൺ / ഫാക്സ് : 04712313065, 2311654

# സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള

## തിരുവനന്തപുരം

## പൗരാവകാശരേഖ

### ആമുഖം

സർക്കാർ ഓഫീസിലെത്തുന്ന ജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭിക്കേണ്ടത് ഓരോ പൗരന്റെയും അവകാശമാണ്. അക്കാര്യം ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ വകുപ്പുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്. ഈ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ കാര്യത്തിൽ തന്റെ അവകാശങ്ങളെപ്പറ്റി ഓരോ പൗരനും ഇതിൽനിന്നും കൃത്യമായി അറിയുവാൻ കഴിയും. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാവുന്നതാണ്.

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സി.സി.ഇ.കെ) യുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന പൗരാവകാശരേഖ കാലോചിതമായി പരിഷ്കരിച്ചാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനം ഫലപ്രദമായി പൊതുജനങ്ങൾക്ക് പ്രയോജന പ്പെടുത്തുന്നതിന് ഈ രേഖ സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു. കാലോചിതമായ മാറ്റങ്ങൾക്ക് ഈ രേഖ വിധേയമായിരിക്കും.

വി. വിഗ്നേശ്വരി ഐ.എ.എസ്.
ഡയറക്ടർ
സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ
കേരള

# സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള
# തിരുവനന്തപുരം

## ആമുഖം

കേരളത്തിലെ യുവജനങ്ങളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള കോഴ്സുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനപദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 1998 ൽ തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രാറാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സി.സി.ഇ.കെ). വിദ്യാഭ്യാസ മന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായ ഗവേർണിംഗ് ബോഡിയാണ് സെന്ററിന്റെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ഗവേർണിംഗ് ബോഡി കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

1. കേരളത്തിലെ തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സാമ്പത്തിക വ്യവസ്ഥയുടെ പ്രധാനമേഖലകളിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള പരിശീലനം നടപ്പിലാക്കുക.
2. ചെറുകിട വ്യവസായ, വ്യാപാരമേഖലയുടെ ആവശ്യങ്ങൾക്കായുള്ള ഭരണ/നിർവ്വഹണനൈപുണ്യം വിപുലീകരിക്കുന്നതിനുള്ള മുഴുവൻ സമയ, ഹൃസ്വസമയ, ഔപചാരിക, അനൗപചാരിക പരിശീലന പരിപാടികൾ നടത്തുക.
3. ചെറുവ്യവസായങ്ങളുടെ വികസനത്തിന് തദ്ദേശീയമായി ലഭ്യമായ വിഭവശേഷി ഉപയോഗപ്പെടുത്തി ആവശ്യമായ പരിശീലനം നൽകുക.
4. വ്യവസായ വ്യാപാര മേഖലയുടെ നിർദ്ദിഷ്ടമായ ആവശ്യങ്ങൾക്കനുസൃതമായ തൊഴിലധിഷ്ഠിത പരിശീലനം നൽകുക.
5. വ്യവസായ, വ്യാപാര സേവന മേഖലകളിലെ പ്രൊഫഷനലുകൾക്കും എക്സിക്യൂട്ടീവുകൾക്കും ദ്രുതഗതിയിൽ മാറിവരുന്ന സങ്കേതിക /ഭരണനിർവ്വഹണ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനാവശ്യമായ പുനർ പരിശീലന പരിപാടികൾ നടത്തുക.
6. സംഘടിത, അസംഘടിത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ ഉൽപാദനക്ഷമത കൂട്ടുന്നതിനും അവരെ സാങ്കേതിക

മാറ്റങ്ങൾക്കനുസൃതമായി സജ്ജമാക്കുന്നതിനും ആവശ്യമായ ഇൻ സർവ്വീസ് കോഴ്സുകൾ നടപ്പിലാക്കുക.

7. വ്യവസായ വാണിജ്യ മേഖലകളിലെ മനുഷ്യ വിഭവശേഷിയും പരിശീലന ആവശ്യങ്ങളും കണ്ടെത്തുന്നതിന് പങ്കാളിത്ത സഹകരണം സ്ഥാപിക്കുക.

8. നിർദ്ദിഷ്ട മേഖലകളിൽ പരിശീലന ആവശ്യങ്ങളുടെ അപഗ്രഥനം നടത്തി, അനുയോജ്യമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

9. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. നൈപുണ്യം വികസിപ്പിക്കുന്നതിന് തദ്ദേശീയമായി ആവശ്യമുള്ള പ്രസക്തമായ കോഴ്സുകൾ സംഘടിപ്പിക്കുക.

11. ക്രമീകൃതമായ, വിദൂര വിദ്യാഭ്യാസ പരിപാടികൾക്കായുള്ള പരിശീലന സാമഗ്രികൾ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക.

12. വിദൂര വിദ്യാഭ്യാസ, ഓപ്പൺ ലേണിംഗ് രീതികൾക്ക് ഉചിതമായ മേഖലകൾ കണ്ടെത്തി, അതിനനുസൃതമായ പദ്ധതികൾ രൂപകൽപന ചെയ്തു നടപ്പിലാക്കുക.

13. തൊഴിൽ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തി കാര്യക്ഷമതയ്ക്കനുസൃതമായ നൈപുണ്യവികസന പരിപാടികൾ നടപ്പിലാക്കുക

14. സെന്ററിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഏവം വിധമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

## സെന്ററിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ

### സബ് സെന്ററുകൾ

സർക്കാർ തലത്തിലും എയ്ഡഡ് തലത്തിലുമുള്ള എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിലെ സബ് സെന്ററുകൾ മുഖേന സി.സി.ഇ.കെ തൊഴിൽ സാധ്യതയുള്ള വിവിധ കോഴ്സുകൾ നടത്തിവരുന്നു. സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻഡ് കോളേജുകൾ എന്നിവിടങ്ങളിലായി നിലവിൽ ഇരുന്നൂറിലേറെ സബ് സെന്ററുകൾ പ്രവർത്തിക്കുന്നു. കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള കാലാനുസൃതമായ കോഴ്സുക

ളാണ് സബ്സെന്ററുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, കൊല്ലം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

## കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി

സിവിൽ സർവ്വീസ് മേഖലയിൽ കേരളത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സി.സി.ഇ.കെ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പഠിപ്പിക്കുകയല്ല പരിശീലിപ്പിക്കുകയാണ് വേണ്ടത് എന്ന ആശയമാണ് അക്കാഡമിയുടെ മുഖമുദ്ര. സംസ്ഥാനത്തെ മറ്റ് ജില്ലകളിലേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള വ്യാപകമായ ആവശ്യം കണക്കിലെടുത്ത്, കേരളത്തിലെ എല്ലാ ജില്ലകളിലും ഈ അക്കാദമിയുടെ ഉപ കേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗാർത്ഥികൾക്ക് താരതമ്യേന മിതമായ നിരക്കിൽ മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുക എന്നതാണ് അക്കാഡമിയുടെ സ്ഥാപിത ലക്ഷ്യം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. യു .പി.എസ്.സി. പ്രിലിംസ് പാസ്സായ കുട്ടികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ അഡോപ്ഷൻ പ്രോഗ്രാം പ്രകാരം, മെയിൻസ് പരീക്ഷക്കുള്ള പരിശീലനവും അഭിമുഖ പരിശീലനവും ഡൽഹിയിൽ വച്ച് നടത്തുന്ന ഇന്റർവ്യൂവിന് പോയിവരുന്നതിനുള്ള യാത്രാ ചെലവും, താമസ സൗകര്യവും, ആഹാരവും സൗജന്യമായി നൽകിവരുന്നു. സിവിൽ സർവ്വീസ് പോലുള്ള പരീക്ഷകളിൽ ഉന്നത വിജയം നേടുവാൻ വിദ്യാർത്ഥികളെ കാലേകൂട്ടി തയ്യാറെടുപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ടാലന്റ് ഡവലപ്പ്മെന്റ് കോഴ്സും, ഹയർ സെക്കണ്ടറി, ഡിഗ്രി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സും നടത്തി വരുന്നു.

*അക്കാഡമിയുടെ വിലാസം*

**കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി**
**സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള**
ആനത്തറ ലെയിൻ, ചാരാച്ചിറ, കവടിയാർ.പി.ഒ
തിരുവനന്തപുരം 695003

ഫോൺ/ഫാക്സ് : 04712313065, 2311654

## കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ മൂന്നാറിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിച്ചുവരുന്നു. കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നിവയിൽ ബി.ടെക് ഡിഗ്രി കോഴ്സുകളും കംപ്യൂട്ടർ ആന്റ് ഇൻഫർമേഷൻ സയൻസിൽ എം.ടെക് കോഴ്സ്, വി.എൽ.എസ്.ഐ ഡിസൈൻ ആൻഡ് എംബഡഡ് സിസ്റ്റത്തിൽ എം.ടെക് കോഴ്സ്. എന്നിവയും നടത്തി വരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ 2010 ലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള (IFTK) സ്ഥാപിതമായത്. ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് (DFD), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഗാർമെന്റ് മാനുഫാക്ചറിംഗ് ടെക്നോളജി (PGDGMT) എന്നിങ്ങനെ രണ്ട് കോഴ്സുകളോടെയാണ് സ്ഥാപനം 2010 ൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഡിഗ്രി തലത്തിലെ പ്രോഗ്രാമിന്റെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത്, IFTK കേരള സർവകലാശാല യുമായി അഫിലിയേറ്റ് ചെയ്തു. ഇപ്പോൾ 2015-16 വർഷം മുതൽ നാല് വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) കോഴ്സ് നടത്തി വരുന്നു. 2019-20 അധ്യയന വർഷം മുതൽ കോഴ്സിന് എഐസിടിഇ അംഗീകാരം ലഭിച്ചു.

## സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള

### ഭരണ നിർവ്വഹണം / ഓഫീസ് ഘടന

വിദ്യാഭ്യാസമന്ത്രി ചെയർമാനായുള്ള ഗവേർണിംഗ് ബോഡി യാണ് സെന്ററിന്റെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഗവേർണിംഗ് ബോഡിയുടെ വൈസ് ചെയർമാനാണ്. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ ഡയറക്ടർ ഉൾപ്പെടെ 15 അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഗവേണിംഗ് ബോഡി. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഈകമ്മിറ്റിയിൽ 7 അംഗങ്ങളാണ് ഉള്ളത്.

# സെൻ്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള

## ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം / നിബന്ധനകൾ | പരമാവധി സമയം / നൽകുന്ന വിധം |
|---|---|---|---|
| 1 | പുതിയ സബ് സെൻ്ററുകൾ രജിസ്റ്റർ ചെയ്യുന്നതിന് | സർക്കാർ / എയ്ഡഡ് മേഖലയിലുള്ള എഞ്ചിനീ യറിംഗ് കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് പോളിടെക് നിക്ക് കോളേജുകളിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിൽ ഡയറക്ടർക്ക് അപേക്ഷ നൽകണം | 5 ദിവസത്തിനകം അനുമതി നൽകും |
| 2. | സബ് സെൻ്ററുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് | വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷ ഡയറക്ടർക്ക് നൽകുക | 5 ദിവസത്തിനകം അനുമതി നൽകും |
| 3 | സെൻ്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള / സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന വിവിധ കോഴ്സുകൾ | നിർദ്ദിഷ്ട ഫാറത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച് അപേക്ഷ നൽകുക | അപേക്ഷ സ്വീകരിച്ചാൽ ഉടൻ തന്നെ പ്രവേശനം ആരംഭിക്കുന്ന കോഴ്സുകൾക്കും, മറ്റ് കോഴ്സുക ൾക്ക് പ്രവേശനം ആരംഭിക്കുന്ന തീയതി മുതൽക്കും അഡ്മിഷൻ നൽകും |
| 4 | സിവിൽ സർവ്വീസ് പരിശീലനം | നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ. | നിയമാനുസൃതമായ കാലാവധി |
| 5 | എഞ്ചിനീയറിംഗ് കോളേജ്, മൂന്നാർ | 50% സർക്കാർ സീറ്റിൽ സർക്കാർ ഫീസിലും 45% മാനേജ്മെൻ്റ് ക്വാട്ട സീറ്റിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസിലും, പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെൻ്റ് ലിസ്റ്റ് അനുസരിച്ച് പ്രവേശനം നൽകും. 5 % എൻ.ആർ.ഐ സീറ്റിൽ പ്രിൻസിപ്പലിന് നേരിട്ട് അപേക്ഷ നൽകണം | പ്രവേശന പരീക്ഷാ കമ്മീഷണറുടെ അറിയിപ്പ് പ്രകാരം |
| 6 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള | നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ. | നിയമാനുസൃതമായ കാലാവധി |

# സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന കോഴ്സുകളെ സംബന്ധിച്ച വിശദ വിവരങ്ങൾ

| ക്രമ നമ്പർ | കോഴ്സിന്റെ പേര് / കാലാവധി | വിദ്യാഭ്യാസ യോഗ്യത | ഫീസ് |
|---|---|---|---|
| 1 | സിവിൽ സർവീസ് പ്രിലിമിനറി കം മെയിൻസ് കോഴ്സ് (PCM) റെഗുലർ ബാച്ച് 1 കാലാവധി (ജൂൺ മാർച്ച്) റെഗുലർ ബാച്ച് 2 നവംബർ - മാർച്ച് | അംഗീകൃത സർവ്വകലാശാല യിൽ നിന്നുള്ള ഡിഗ്രി. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത് | കോഴ്സ് ഫീ (40,000/ രൂപ) + ജി.എസ്.റ്റി (7,200/) + കോഷൻ ഡെപ്പോസിറ്റ് (2,000/) അപേക്ഷാ ഫീസ് 200/ രൂപ |
| 2 | ഐച്ഛിക വിഷയങ്ങൾ (പൊളിറ്റിക്സ്, ഹിസ്റ്ററി, സോഷ്യോളജി, ജോഗ്രഫി, മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ) | അംഗീകൃത സർവ്വകലാ ശാലയിൽ നിന്നുള്ള ഡിഗ്രി | 11,800/ കോഴ്സ് ഫീ 10,000/ രൂപ + ജി.എസ്.റ്റി - 1,800/രൂപ 200/ രൂപ അപേക്ഷാ ഫീസ് |
| 3. | ദ്വിവത്സര സിവിൽ സർവീസ് പ്രിലിമിനറി കം മെയിൻസ് കോഴ്സ് | ആർട്സ് & സയൻസ്/ പ്രൊഫഷണൽ കോളേ ജുകളിൽ ബിരുദ, ബിരുദാ നന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സിവിൽ സർവീസ് പ്രിലി മിനറി പരീക്ഷയെഴുതാൻ സജ്ജമാക്കുന്ന വിധമാണ് ദ്വിവത്സര സിവിൽ സർവീസ് കോഴ്സ് നടത്തി വരുന്നത്. | ആദ്യ വർഷം 17,700/ രൂപ (ഫീസ് 15,000/ + ജിഎസ്ടി 2,700/- )<br>രണ്ടാം വർഷം 17,700/ (ഫീസ് 15,000/+ ജിഎസ്ടി 2,700/- ) |
| 4 | ടാലന്റ് ഡെവലപ്മെന്റ് കോഴ്സ് (ഞായറാഴ്ച കളിൽ മാത്രം ഹൈസ്കൂൾ വിദ്യാർത്ഥി / വിദ്യാർത്ഥി നികൾക്ക് | 3000/ രൂപ + GST | |
| 5 | സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് (ഞായറാഴ്ചകളിൽമാത്രം) | +1, +2 വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്ക് | 5000/ രൂപ + GST |

## പരാതി പരിഹാരം

സി.സി.ഇ.കെ യിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച പരാതികൾക്ക് താഴെപറയുന്ന ഉദ്യോഗസ്ഥരെ സമീപിക്കാവുന്നതാണ്.

### സി.സി.ഇ.കെ ഡയറക്ടറേറ്റ് / കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി

പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

അപ്പീൽ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - ഡയറക്ടർ, സി.സി.ഇ.കെ

### എഞ്ചിനീയറിംഗ് കോളേജ്, മൂന്നാർ

പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

അപ്പീൽ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള

പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

അപ്പീൽ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ

### സബ് സെന്ററുകൾ

പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - പ്രസിഡന്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ

അപ്പീൽ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ - ഡയറക്ടർ, സി.സി.ഇ.കെ

### വിവരാവകാശ നിയമ പ്രകാരം പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ - അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ (സി.സി.ഇ.കെ, തിരുവനന്തപുരം)
2. അപ്പലേറ്റ് അതോറിറ്റി - ഡയറക്ടർ, സി.സി.ഇ.കെ, തിരുവനന്തപുരം)

## പ്രധാന ഫോൺ നമ്പരുകൾ

| | | |
|---|---|---|
| ഡയറക്ടർ,<br>സി.സി.ഇ.കെ, തിരുവനന്തപുരം | - | 8281098860 (മൊബൈൽ)<br>0471-2333065, 2331654 |
| സി.സി.ഇ.കെ, ഡയറക്ടറേറ്റ് | - | 0471-2333065, 2331654 |
| എഞ്ചിനീയറിംഗ് കോളേജ്, മൂന്നാർ | - | 0486-5230606, 232989, 232106 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള | - | 0474-2547775, 2548798,<br>2549787, 9447710275 |

## ഇമെയിൽ , വെബ് വിലാസങ്ങൾ

**സി.സി.ഇ.കെ**

| | | |
|---|---|---|
| ഇമെയിൽ | - | directorccek@gmail.com |
| വെബ് സൈറ്റ് | - | www.ccek.org |

**കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി**

| | | |
|---|---|---|
| ഇമെയിൽ | - | directorccek@gmail.com |
| വെബ് സൈറ്റ് | - | www.kscsa.org |

**എഞ്ചിനീയറിംഗ് കോളേജ്, മൂന്നാർ**

| | | |
|---|---|---|
| ഇമെയിൽ | - | mail@cemunnar.org |
| വെബ് സൈറ്റ് | - | www.cemunnar.org |

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള,**

| | | |
|---|---|---|
| ഇമെയിൽ | - | iftk.govt@gmail.com |
| വെബ് സൈറ്റ് | - | www.iftk.ac.in |

## സെന്റർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ ഓർഗനൈസേഷൻ ചാർട്ട് (ഘടനാ പ്രമാണം)

